ഉത്തരം

(എ) എറണാകുളം ജില്ലയിൽ പെരിയാർ നദി സംരക്ഷണവുമായി ബന്ധപ്പെട്ട് 14-2-2009-ൽ ഒരു സെമിനാർ നടത്തിയിട്ടുള്ളതാണ്. ആയതിന് 'തീര സമീരം' എന്ന് നാമകരണം ചെയ്തിട്ടുള്ളതുമാണ്.

(ബി) പെരിയാർ നദിയുടെ സംരക്ഷണമാണ് ഉദ്ദേശലക്ഷ്യങ്ങൾ.

(സി) ഇല്ല. ബാധകമല്ല.

(ഡി) പെരിയാർ നദിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 8,06,626 രൂപ ചെലവിട്ടു. ഈ സെമിനാറുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

**ഭൂമികേരളം പദ്ധതി പൂർത്തിയാക്കാൻ നടപടി**

144 (3906) ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമികേരളം പദ്ധതിയുടെ പ്രവർത്തനം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ വർഷാവസാനത്തോടെ ഏതൊക്കെ ജില്ലകളിലെ റീസർവ്വേ പൂർത്തിയാകുമെന്നാണ് കണക്കാക്കുന്നത് ;

(സി) ഈ പദ്ധതിയുടെ നിരീക്ഷണത്തിനും മേൽനോട്ടത്തിനുമായി രൂപീകരിച്ചിട്ടുള്ള പ്രത്യേക ദൗത്യം സംഘം ഇപ്പോൾ നിലവിലുണ്ടോ ;

(ഡി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾക്കാണ് ദൗത്യ സംഘം ശുപാർഷ ചെയ്തിട്ടുള്ളത് ?

ഉത്തരം

(എ) 17-10-2008-ലെ ജി.ഒ. (എം.എസ്) 346/08/റവന്യൂ നമ്പർ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്ത് റീസർവ്വേ മൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെ ഭൂമികേരളം പദ്ധതി ആരംഭിച്ചു. അതിൻപ്രകാരം സംസ്ഥാനത്ത് റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) മലപ്പുറം ജില്ലയിലെ മേൽമുറി, തിരുവനന്തപുരം ജില്ലയിൽ മണക്കാട്, തിരുമല, പാലക്കാട് ജില്ലയിൽ പാലക്കാട് 1, പാലക്കാട് 2, കണ്ണൂർ ജില്ലയിൽ മാണിയൂർ എന്നീ വില്ലേജുകളുടെ റീസർവ്വേ ഈ വർഷം അവസാനത്തോടെ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രത്യേക ദൗത്യസംഘം രൂപീകരിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

**ഭൂമികേരളം പദ്ധതിയിൽ കണ്ണൻദേവൻ ഹിൽസ് ഉൾപ്പെടുത്താൻ നടപടി**

**145 (3907)** ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമികേരളം പദ്ധതിയിലെ നൂതന സംവിധാനം അനുസരിച്ച് ദിവസം എത്ര ഹെക്ടർ സ്ഥലം റീസർവ്വേ നടത്താൻ സാധിക്കുന്നുണ്ട് ;

(ബി) കണ്ണൻദേവൻ ഹിൽസിലെ ഭൂമി ഒന്നിൽ കൂടുതൽ തവണ റീസർവ്വേ നടത്താനുള്ള കാരണങ്ങൾ എന്തെല്ലാം ;

(സി) റീസർവ്വേ നടത്തി പ്രസ്തുത ഭൂമിയുടെ ഫൈനൽ നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത ഭൂമി, ഭൂമികേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് റീസർവ്വേ നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മോഡേൺ സർവ്വേ പ്രകാരം തുറസ്സായ സ്ഥലത്ത് മൂന്നുപേരുള്ള ഒരു ടീമിന് ഒരു ദിവസം ഒരു ഹെക്ടർ ഫീൽഡുജോലികളും അനുബന്ധ മാപ്പിംഗ് ജോലികളും പൂർത്തിയാക്കുവാൻ കഴിയും. ഠൗൺ ഏരിയ ആയാൽ 20-നും 25-നും ഇടയ്ക്കുള്ള സബ്ഡിവിഷനുകൾ അല്ലെങ്കിൽ 100 പ്രിസം പോയിന്റ് പൂർത്തിയാക്കുവാൻ കഴിയും.

(ബി-ഡി) കെ.ഡി.എച്ച് വില്ലേജിൽ ഒന്നിൽ കൂടുതൽ തവണ പൂർണ്ണമായ റീസർവ്വേ നടത്തിയിട്ടില്ല.

(ഇ) ഭൂമികേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ കേന്ദ്ര സർവ്വകലാശാലയുടെ സ്ഥലമെടുപ്പ്**

**146 (3910)** ശ്രീ. സി. എച്ച് കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ആരംഭിച്ച കേന്ദ്ര സർവ്വകലാശാലയുടെ സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഏതൊക്കെ സ്ഥലങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) സർവ്വകലാശാല അധികൃതർ ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ചു എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly